(ബി) പ്രസ്തുത സെന്ററിന്റെ പ്രവർത്തനത്തിനായി കേന്ദ്ര ഐ. ടി. വകുപ്പ് എന്തൊക്കെ സാമ്പത്തിക സാങ്കേതിക സഹായങ്ങളാണ് ഇതുവരെ ലഭ്യമാക്കിയിട്ടുള്ളത് ;

(സി) പ്രസ്തുത കേന്ദ്രം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കൂടുതൽ കേന്ദ്ര ഏജൻസികളുടെ സഹായം നേടുന്നതിനും ഈ വർഷം എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

**റോഡപകടങ്ങൾ കുറയ്ക്കാൻ നടപടി**

**60 (1803)** ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമിതവേഗത, മദ്യപിച്ചുള്ള വാഹനമോടിക്കൽ എന്നിവമൂലമുണ്ടാകുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് പോലീസ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) ഇതു രണ്ടും പരിശോധിക്കുന്നതിന് പോലീസിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ടോ ; എങ്കിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ എന്തു തുകയ്ക്കുള്ള ഉപകരണങ്ങളാണ് വാങ്ങിയത് ;

(സി) പ്രസ്തുത ഉപകരണങ്ങൾ പ്രവർത്തനക്ഷമമാണോ ; അവ ഉപയോഗിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഉപയോഗിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ :

(ഡി) കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഓരോ വർഷവും അമിതവേഗത, മദ്യപാനം, ഡ്രൈവിംഗിനിടെ ഉറങ്ങിപ്പോവുക എന്നിവമൂലം ഉണ്ടായ അപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും, എത്രപേർക്ക് ഗുരുതരമായി പരിക്കേറ്റിട്ടുണ്ടെന്നുമുള്ള വിവരം നൽകുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

**കാസർഗോഡ് പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണം**

**61 (1805)** ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ടൗൺ പോലീസ് സ്റ്റേഷന്റെ മുന്നിലുണ്ടായിരുന്ന ജീർണ്ണിച്ച പോലീസ് ക്വാർട്ടേഴ്സ് കെട്ടിടം എന്നാണ് പൊളിച്ചുമാറ്റിയത് എന്ന് വ്യക്തമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ക്വാർട്ടേഴ്സ് പൊളിച്ചു മാറ്റിയതുകാരണം അവിടെ പോലീസുകാർ താമസ സൗകര്യം ഇല്ലാതെ വിഷമിക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ :

(സി) പുതിയ പോലീസ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2007 മേയ് മാസം

(ബി) ഉണ്ട്.

(സി) ഇക്കാര്യം വകുപ്പുതല പരിഗണനയിലാണ്.

**കൊച്ചി പോലീസ് കോംപ്ലക്സിന്റെ നിർമ്മാണം**

**82 (1807)** ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊച്ചി പോലീസ് കോംപ്ലക്സിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ ?

ഉത്തരം

ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**കാസർഗോഡ് ട്രാഫിക് യൂണിറ്റ് ട്രാഫിക് സ്റ്റേഷനായി ഉയർത്തുന്നതിന് നടപടി**

63 (1808) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ട്രാഫിക് യൂണിറ്റ് നിലവിൽ വന്നത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ട്രാഫിക് യൂണിറ്റിൽ എസ്. ഐ. അടക്കം എത്ര തസ്തികകൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) ഈ തസ്തികകളിൽ എത്ര എണ്ണം ഒഴിഞ്ഞുകിടക്കുന്നുവെന്നും, അവയിൽ എന്നത്തേക്ക് നിയമനം നടത്താൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly